




# ജോസ്മോന്റെ ഏദൻതോട്ടം

**കോളജ് വിദ്യാർത്ഥികൾക്കായി സംസ്ഥാനസർക്കാർ ഏർപ്പെടുത്തിയ കർഷക പ്രതിഭാപുരസ്കാരം നേടിയ ജോസ്മോൻ ജേക്കബിന്റെ കൃഷിയറിവുകളിലേക്കും അനുഭവങ്ങളിലേക്കും ഒരെത്തിനോട്ടം.**

മരച്ചില്ലകൾക്കിടയിലൂടെ സൂര്യകിരണങ്ങൾ ഒളിച്ചുകളിക്കുന്ന പുലർകാലം. വല്യപ്പച്ചനും അമ്മാമ്മയും ചേർന്ന് തെങ്ങിനും വാഴയ്ക്കുമൊക്കെ തടമെടുക്കുന്നതും, പയറും പാവലുമടക്കമുള്ള പച്ചക്കറികളെ പരിപാലിക്കുന്നതുമൊക്കെ കണ്ടായിരുന്നു ജോസ്മോന്റെ ബാല്യം. അവിടെ പറമ്പിൻനടുവിൽ പന്തൽ വിരിച്ച് ആകാശംമുട്ടെ തലയുയർത്തി നിൽക്കുന്ന ഒരു ആഞ്ഞിലിമരമുണ്ട്. അതിന്റെ ചുവട്ടിലാണ് ജോസ്മോന്റെ സ്ഥാനം. ഇടയ്ക്കു കുഞ്ഞിക്കൈകൊണ്ട് ചിരട്ടമുക്കി വാഴയ്ക്കും മറ്റും വെള്ളമൊഴിക്കാൻ ജോസ്മോനുമുണ്ട്.

വള്ളികളും പാവൽക്കൂട്ടങ്ങളും. പച്ചയും മഞ്ഞയും ചെമപ്പും നിറങ്ങളിൽ പൂത്തു നിൽക്കുന്ന കാന്താരിക്കൂട്ടങ്ങൾ. അപൂർവ ഇനങ്ങളിൽപ്പെട്ട ഔഷധസസ്യങ്ങൾ, മണ്ണറ്റം മുട്ടിനിൽക്കുന്ന പടവലക്കൂട്ടങ്ങൾ, പറമ്പിലാകെ പരന്നുകിടക്കുന്ന മത്തനും വെള്ളരിയും കുമ്പളവും. ഒരു കൃഷിയിടത്തിൽ നാം പ്രതീക്ഷിക്കുന്നതെല്ലാം സമന്വയിപ്പിച്ച് പുത്തൻ തലമുറയ്ക്കു മാതൃകയായിരിക്കുകയാണ് ജോസ്മോന്റെ രണ്ടരയേക്കർ കൃഷിത്തോട്ടം.

ഒരിക്കൽ കുസൃതിതോന്നി മൊട്ടിട്ട പയർവള്ളികളിലൊന്നു നുള്ളിക്കളയുന്നതു കണ്ട് വല്യപ്പച്ചൻ ശകാരിച്ചത് ജോസ്മോൻ ഓർമിക്കുന്നു, ഞാൻ നുള്ളിക്കളഞ്ഞ പയർചെടിയിൽ തലോടിക്കൊണ്ട് വല്യപ്പച്ചൻ പറഞ്ഞു: പൂവിടുന്ന ഓരോ മൊട്ടും നമ്മുടെ അദ്ധ്വാനത്തിന്റെ ഫലമാണു മോനേ, മണ്ണ് കനിഞ്ഞുനൽകുന്ന പൊന്ന്. അതു പറിച്ചുകളയരുത്. അന്നുമുതൽ ഒരു പൂമൊട്ടുപോലും നുള്ളിയിട്ടില്ല, അവയെ പരിപാലിക്കുക മാത്രമായിരുന്നുവെന്നും ജോസ്മോൻ ഓർക്കുന്നു.

വല്യപ്പച്ചൻ ഓരോ ചെടിയെയും തഴുകിത്തലോടിയാണു തൊടിയിലൂടെ കടന്നുപോകുന്നത്. ചെടികളെ തൊട്ടു തലോടി പരിപാലിച്ചാൽ ഇലകളുടെ തളർച്ചയും കീടാക്രമണവും രോഗങ്ങളും നമുക്ക് പെട്ടെന്നു കണ്ടെത്താനും പരിഹരിക്കാനും കഴിയുമെന്ന് വല്യപ്പച്ചൻ പറഞ്ഞുതന്നു. മണ്ണ് സത്യമാണെന്നും മണ്ണിൽ മനസ്സറിഞ്ഞു പണിയെടുത്താൽ പൊന്നു വിളയുമെന്നും കൂടക്കൂടെ വല്യപ്പച്ചൻ പറയുമായിരുന്നു.

വീട്ടിലുള്ളപ്പോൾ ഇടയ്ക്കിടയ്ക്കു വല്യപ്പച്ചൻ വിളിക്കും; ജോസ്മോനേ, വാഴയ്ക്കു വളം വാങ്ങിയോ, വെള്ളമൊഴിച്ചോ, കുരുമുളകു പറിക്കാൻ ആളെ വിളിച്ചോ എന്നു തുടങ്ങി ഓരോന്നും അതതിന്റെ കൃത്യസമയത്ത് ഓർമിപ്പിക്കാൻ വല്യപ്പച്ചന്റെ വിളി കാതുകളിലെത്തിയിരുന്നു. വല്ല്യപ്പച്ചന്റെ കാലം കഴിഞ്ഞിട്ടും ആ ഓർമകളും അദ്ദേഹം പറഞ്ഞുതന്ന കാർഷികസംസ്കാരവുമാണ് താൻ പിന്തുടരുന്നതെന്ന് ജോസ്മോൻ പറയുന്നു.

തന്നെ ഒരു കർഷകനാക്കി മാറ്റിയതും ഇപ്പോൾ സർക്കാരിന്റെ മികച്ച കർഷകപ്രതിഭാപുരസ്കാരത്തിനു പരിഗണിക്കുന്നതുവരെ എത്തിച്ചതും വല്ല്യപ്പച്ചന്റെ ആ വിളിയാണെന്നും ജോസ്മോൻ പറഞ്ഞു. സരോജിനി നായിഡു ഫൗണ്ടേഷന്റെ 2012 ലെ മികച്ച കർഷകപുരസ്കാരമടക്കം നിരവധി അവാർഡുകൾ വാങ്ങിയിട്ടുള്ള കർഷകനായിരുന്നു മാണി ദേവസ്യ (എ.എം. സെബാസ്റ്റ്യൻ) എന്ന ജോസ്മോന്റെ വല്യപ്പച്ചൻ. ജോസ്മോന്റെ ജീവിതത്തിലെ റോൾ മോഡലും വല്യപ്പച്ചൻതന്നെ.

### ജോസ്മോന്റെ ഏദൻതോട്ടം

ദൂരെനിന്നു നോക്കിയാൽ പിരമിഡുകൾപോലെ ഉയർന്നുനിൽക്കുന്ന ജാതിമരങ്ങൾ, തൊടിയിലാകെ പന്തൽ വിരിച്ചുനിൽക്കുന്ന കൊക്കോമരങ്ങൾ, പൂവനും ഞാലിയും പാളയംകോടനും റോബസ്റ്റായുമൊക്കെ കുലച്ചുനിൽക്കുന്ന വാഴത്തോട്ടം.

ആകാശം മുട്ടെ ഉയർന്നു നിൽക്കുന്ന കമുകുകൾ, ഇതിനിടയിൽ ചെമന്ന പട്ടു വിരിച്ചതുപോലെ മണ്ണിൽ പരന്നു പന്തലിച്ചു നിൽക്കുന്ന ചീരത്തോട്ടം. കയറിൽ കെട്ടിത്തൂക്കിയ തോരണങ്ങൾപോലെ പയറു



### മൃഗപരിപാലനം

ആട്, പശു, കോഴി, താറാവ്, കാട തുടങ്ങിയവയുടെ ചെറിയൊരു ഫാം ഹൗസും ജോസ്മോന്റെ നിയന്ത്രണത്തിലുണ്ട്. മുട്ടയും പാലുമാണ് പ്രധാന വരുമാനം. ഇതിനു പിന്നാലെ നാടൻ കോഴിയിറച്ചിയും ആവശ്യക്കാർക്കു നൽകുന്നുണ്ട്. ഗ്രാമപ്രിയ ഇനത്തിലുള്ള കോഴികളാണ് കൂടുതലും. കാട മുട്ടയായും ഇറച്ചിയായും കച്ചവടമുണ്ട്.

വളർത്തുപക്ഷികളുടെ ശേഖരവും ജോസ്മോന്റെ കൃഷിത്തോട്ടത്തിനോടു ചേർന്നുണ്ട്. ലൗ ബേർഡ്സ് ഇനത്തിൽപ്പെട്ട പക്ഷികളാണു കൂടുതൽ. പക്ഷികളുടെ വില്പനയും ഇതോടൊപ്പം നടത്തുന്നു.

ജൈവകൃഷിയാണ് കൂടുതലും. അത്യാവശ്യഘട്ടങ്ങളിൽ മാത്രമാണ് മറ്റുള്ളവയെ ആശ്രയിക്കുക. കൃഷിക്കു വേണ്ടത് കൃത്യസമയത്ത് ചെയ്യുന്നുവെന്നതാണ് മറ്റൊരു പ്രത്യേകത. ഒന്നും നാളേക്കു മാറ്റിവയ്ക്കാറില്ലെന്നും അതാണു കാർഷികമേഖലയിൽ പ്രധാനമായും പിന്തുടരേണ്ടതെന്നും ജോസ്മോൻ പറയുന്നു. ഫാം ഹൗസിൽ നിന്നുള്ള ചാണകം കൃഷിക്കായി ഉപയോഗിക്കുന്നു. ഡ്രെയർ യൂണിറ്റും ഇതിനോടനുബന്ധിച്ചു നടത്തുന്നുണ്ട്. സാധനങ്ങൾ ഇവിടെയെത്തിച്ചാൽ ഉണക്കി നൽകുകയും ചെയ്യുന്നു.

### മാർക്കറ്റിങ് മേഖലയിലൂടെ

മാർക്കറ്റിങ് മേഖലയിലും കർഷകൻ ശ്രദ്ധചെലുത്തണമെന്നാണ് ജോസ്മോന്റെ പക്ഷം. വിപണി കണ്ടെത്തിയെങ്കിൽ മാത്രമേ കർഷകനു പിടിച്ചു നിൽക്കാനാവൂ. കൃഷിയും ബൈ പ്രോഡക്റ്റുകളും വിറ്റഴിക്കപ്പെടണം. അതിന് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണം. നല്ല ഉത്പന്നം ജനങ്ങളിലെത്തിയാൽ അവരതു സ്വീകരിക്കുകതന്നെ ചെയ്യും. കച്ചവടത്തിലും കൃഷിയിലും മായം ചേർക്കരുതെന്നും ജോസ്മോൻ പറയുന്നു. താൻ മൾട്ടിമീഡിയ പഠിക്കുമ്പോൾ പലരും ചോദിക്കാറുണ്ട് തൂമ്പായും കമ്പ്യൂട്ടറും തമ്മിൽ വലിയ അന്തരമുണ്ടല്ലോ എന്ന്. എന്നാൽ, മൾട്ടി മീഡിയ പഠനംമൂലം തനിക്ക് കാർഷികോത്പന്നങ്ങൾ വിറ്റഴിക്കാൻ പുതിയ വിപണി കണ്ടെത്താനായെന്നും ജോസ്മോൻ പറയുന്നു.

ഇടിയിറച്ചിയും, കാട അച്ചാറും, വിവിധ ഭക്ഷ്യോത്പന്നങ്ങളും ജോസ്മോൻ വിപണനം നടത്തുന്നുണ്ട്. പ്രത്യേകം പ്രോസസിങ് ചെയ്താണ് ഇടിയിറച്ചിയും ഉണക്കിറച്ചിയും നിർമിക്കുന്നത്. യാതൊരു മായവും ചേർക്കാതെ നിർമിക്കുന്ന ഈ പ്രോഡക്റ്റുകൾക്ക് ആവശ്യക്കാർ ഏറെയുണ്ട്. ഇതിനോടൊപ്പംതന്നെയാണ് കാട, ജാതിക്ക അച്ചാറുകളും നിർമിക്കുന്നത്. ഓൺലൈൻ വിപണനമാണ് ഏറെയും. പാചകവും മറ്റും മമ്മിയുടെ മേൽനോട്ടത്താലാണ്. ജെ.എം.ഇ. എന്ന ബ്രാൻഡ്നെയിമിലാണ് ജോസ്മോന്റെ വിപണനം.

### മീൻകുളം

വിവിധയിനം മീനുകളുടെ സമ്മിശ്രകൃഷി പരീക്ഷിച്ചു വിജയിപ്പിച്ച മത്സ്യകർഷകൻകൂടിയാണ് ജോസ്മോൻ. ഉപയോഗശൂന്യമായ പാറമടയിൽ മീൻകൃഷി ഇറക്കിയാണ് ഈ യുവകർഷകൻ വിപ്ലവം സൃഷ്ടിച്ചത്. കട്‌ല, രോഹു, സിലോപ്പിയ തുടങ്ങി നിരവധി മീനുകളാണ് ഇവിടെയുള്ളത്. സമീപത്തുള്ള ആളുകളെല്ലാം ഒത്തുചേർന്ന് വലിയ ആഘോഷത്തോടെയാണ് മീൻ പിടിത്തം. പിടിച്ചെടുക്കുന്ന മീൻ അപ്പോൾത്തന്നെ വില്പന നടത്തുകയും ചെയ്യും.

കുറവിലങ്ങാടിനടുത്ത് മണ്ണയ്ക്കനാട് ഇടത്തടത്തിൽ ജേക്കബ് (ചാക്കോച്ചൻ) – മരീന ദമ്പതികളുടെ രണ്ടാൺമക്കളിൽ ഇളയവനാണ് ജോസ്മോൻ. കൃഷിയിടങ്ങളിൽ ജോസ്മോന്റെ താങ്ങും തണലുമായി പപ്പായും മമ്മിയും സഹായിക്കാൻ രണ്ടു ജോലിക്കാരുമുണ്ട്. സി.എം.ഐ. തിരുവനന്തപുരം പ്രൊവിൻസിൽ ചേർന്ന് വൈദികപഠനം നടത്തുന്ന ജ്യേഷ്ഠൻ ബ്രദർ സെബാസ്റ്റ്യൻ ജേക്കബ് ബാംഗ്ലൂർ ധർമ്മാരാം കോളജിൽ തത്ത്വശാസ്ത്രപഠനം പൂർത്തിയാക്കിയിരിക്കുന്നു. മണ്ണയ്ക്കനാട് ഇടവകയിൽ യുവജനപ്രസ്ഥാനമായ എസ്.എം.വൈ.എം.ലും 'യുവ' കർഷകദളമുൾപ്പെടെ സാമൂഹികക്ഷേമപ്രവർത്തനങ്ങളിലും മുൻപന്തിയിലുണ്ട് ജോസ്മോൻ. ചേർപ്പുങ്കൽ ബി.വി.എം. ഹോളിക്രോസ് കോളജിൽ ബി.എ. മൾട്ടിമീഡിയ രണ്ടാം വർഷ വിദ്യാർത്ഥിയാണ് കർഷകപ്രതിഭയായ ജോസ്മോൻ ജേക്കബ്.

■ കെ.ജി. രഞ്ജിത്ത്

# ആരോഗ്യപരിരക്ഷയ്ക്ക്



**സിറിൽ സജി**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ

ഏപ്രിൽ 7, ലോകാരോഗ്യദിനം. 1948 ൽ ലോകാരോഗ്യസംഘടന വിളിച്ചുചേർത്ത ആദ്യത്തെ വേൾഡ് ഹെൽത്ത് അസംബ്ലിയാണ് ലോകാരോഗ്യദിനാചരണത്തിനു തീരുമാനമെടുത്തത്. സാർവത്രികാരോഗ്യപരിരക്ഷയുടെ പ്രാധാന്യം ലോകജനതയെ ബോധ്യപ്പെടുത്തുക എന്നതാണ് ലോകാരോഗ്യദിനാചരണത്തിന്റെ അടിസ്ഥാനലക്ഷ്യം.

### എന്താണ് ആരോഗ്യം?

രോഗങ്ങളില്ലാത്ത അവസ്ഥയെയാണ് സാമാന്യേന ആരോഗ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ, 1948 ലെ ലോകാരോഗ്യസംഘടനയുടെ നിർവചനപ്രകാരം രോഗ, വൈകല്യരഹിതമായ അവസ്ഥ മാത്രമല്ല, സമ്പൂർണ ശാരീരിക, മാനസിക, സാമൂഹികസുസ്ഥിതികൂടിയാണ് ആരോഗ്യം. ആ നിർവചനത്തോട് 1986 ലെ ഒട്ടാവ ചാർട്ടർ ഫോർ ഹെൽത്ത് പ്രമോഷന്റെ നിർവചനവും കൂട്ടിവയ്ക്കാറുണ്ട് – ആരോഗ്യം സമ്പൂർണ ദൈനംദിനജീവിതത്തിനുള്ള ഒരു ഉപാധിയാണ്.




### ആരോഗ്യം നിർണയിക്കുന്ന ഘടകങ്ങൾ

ലോകാരോഗ്യസംഘടനയുടെ നിരീക്ഷണത്തിൽ ആരോഗ്യം നിർണയിക്കുന്ന പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നതാണ്:

സാമൂഹികവും സാമ്പത്തികവും ഭൗതികവുമായ ചുറ്റുപാടുകളും അവയുടെ വികസനവും.

ആരോഗ്യസേവനങ്ങളുടെ ലഭ്യത, അവയുടെ വികസനം

ആരോഗ്യകരമായ തൊഴിലിടങ്ങൾ

ആരോഗ്യകരമായ ആഹാരശൈലി

ശുചിത്വം, ലിംഗസമത്വം

ആരോഗ്യകരമായ ജീവിതശൈലിക്കായി മികച്ച ആരോഗ്യപരിപാലനത്തിനും ആയുർദൈർഘ്യത്തിനുമായി ലോകാരോഗ്യസംഘടന മുന്നോട്ടുവയ്ക്കുന്ന ചില മാർഗനിർദേശങ്ങൾ ഇവയാണ്:

പഴം, പച്ചക്കറികൾ, പയറുവർഗങ്ങൾ, പരിപ്പ്, ധാന്യങ്ങൾ എന്നിവ ഉൾപ്പെടുന്ന ഭക്ഷണരീതി പരിശീലിക്കുക. ആഹാരത്തിൽ പഞ്ചസാരയുടെയും ഉപ്പിന്റെയും അളവ് കുറയ്ക്കുക.

ശരീരഭാരം നിയന്ത്രിക്കുക.

ദിവസേനയുള്ള വ്യായാമം ശീലമാക്കുക.

പുകവലിയും മദ്യപാനവും ഉപേക്ഷിക്കുക.

*'OUR PLANET, OUR HEALTH'*
*'THE FIRST WEALTH ID HEALTH'*
- Ralph Waldo Emerson

# ജോസുകുട്ടിയുടെ മാജിക്‌വിസ്മയം




മായാജാലകലയിലെ ചടുലമായ നീക്കങ്ങളാൽ കുറഞ്ഞൊരു സമയം കൊണ്ടു പ്രേക്ഷകമാനസങ്ങളെ അമ്മാനമാടുകയും അമ്പരപ്പിക്കുകയും ചെയ്യുന്ന കൊച്ചുകലാകാരനാണ് ജോസുകുട്ടി എൽബിൻ.

അവൻ കറുത്ത തുണികൊണ്ട് തന്റെ കണ്ണുകൾ മൂടിക്കെട്ടുന്നു. പിന്നീട് സ്കേറ്റിങ് ചെയ്ത്, പാട്ടും പാടി, സൂചിയിൽ നൂലുകോർക്കുകയായി. ഒന്നും രണ്ടുമല്ല, ഒന്നിനു പുറകെ മറ്റൊന്നായി നിരവധി സൂചികൾ. പ്രേക്ഷകരെ കൈയിലെടുക്കുന്ന മായാജാലം.

രണ്ടു മിനിറ്റിനുള്ളിൽ ഇങ്ങനെ കണ്ണുംകെട്ടി 34 സൂചികൾ കോർത്തതിന് അവന് യൂണിവേഴ്സൽ വേൾഡ് റിക്കാർഡും ലഭിച്ചിട്ടുണ്ട്. പിറ്റേവർഷം ജോസുകുട്ടി സ്വന്തം റിക്കാർഡു തിരുത്തി രണ്ടു മിനിറ്റിൽ 40 സൂചികൾ കോർത്തു.

അഭിനയരംഗത്തും ജോസുകുട്ടി തന്റെ കഴിവു തെളിയിച്ചിട്ടുണ്ട്. വാട്ട്സാപ്പ്, സ്റ്റാൻഡാർഡ് 5 ഡിവിഷൻ എ എന്നീ സിനിമകളിലും അവൻ ചെറിയ വേഷങ്ങളിൽ അഭിനന്ദിച്ചിട്ടുണ്ട്.

ഇളങ്ങോയി ഹോളിഫാമിലി ഇന്റർനാഷണൽ സ്കൂൾ വിദ്യാർത്ഥിയായ ജോസുകുട്ടി വാഴൂർ രണ്ടുപ്ലാക്കൽ എൽബിൻ – ലിജിത ദമ്പതികളുടെ മകനാണ്.

■ ജോൺ ജെ. പുതുച്ചിറ

കവിത

# കണിക്കൊന്ന



**അനന്തദത്ത് ഏവൂർ**
ബി.എ. മലയാളം
മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കോളജ്, ഹരിപ്പാട്

അന്നൊരു പിതാമഹൻ ദിഗ്വിജയനായകൻ
ഉയിരേറ്റി മാറ്റുവാൻ പാർത്ത കാലം.
മേടമാണാ കൃഷ്ണമേനിക്കു ചാർത്തുവാൻ
കാത്തു ഞാനാർത്തു പൂക്കുന്ന കാലം.
നിയതിയിൽപ്പെട്ടു നിയന്ത്രണം, പൂക്കുവാ-
നന്യരെക്കണ്ടു മോഹിക്കേണ്ട ഞാൻ
പ്രക്ഷുബ്ധതയ്ക്കവസാനമാനന്ദം
ക്ഷണികമിതാണെന്റെ കാലചക്രം.
നിസ്വാർത്ഥനാണു ഞാൻ വേണ്ടതെനിക്കെന്ത്
ശാന്തിമഹാസുഖമേകമേവം.
ഭാവങ്ങളൈക്യപ്പെടാത്ത ഭാവനകളിൽ
കാറ്റായ് മഴയായ് വെയിലായ് വസന്തമായ്
ഹർഷപ്രചുരിമ പ്രകൃതിപ്രതിഭാസ-
മമൃതായ് നിനയ്ക്കുന്ന സംഘർഷഭൂമിയിൽ
ആനന്ദമാനന്ദമസ്വസ്ഥതയ്ക്കു ഞാൻ
നിസ്സംഗനെങ്കിലും സ്വാർത്ഥനാകുന്നു.
പൂക്കട്ടെ വാസനകളായിരമൊടുങ്ങട്ടെ
മാർത്താണ്ഡസഞ്ചാരപാതയിൽ
കണ്ണാടിയിൽ പ്രതിബിംബങ്ങൾ, അറിയാതെ
ചിരിപൊട്ടി വിടരുന്നു പൂത്തുലയട്ടെ ഞാൻ

കഥ

# ഒരു ബസ്‌യാത്രയിൽ



**അഞ്ജന എസ്. മണി**
ലോഡ്സ് അക്കാദമി ഫോർ
മെഡിക്കൽ കോഡിങ്, തൊടുപുഴ

കെ.എസ്.ആർ.ടി.സി. ബസിന്റെ മുൻവശത്തുതന്നെയുള്ള സീറ്റിലിരുന്ന കൃഷ്ണകുമാർ നല്ലൊരു മയക്കം കഴിഞ്ഞ് എണീറ്റത് ബസ് ഒരു സഡൻ ബ്രേക്ക് ഇട്ടപ്പോഴാണ്. നല്ല മഴയായിരുന്നു. പതിയെ ഷട്ടർ പൊക്കി നോക്കി.

തിരുവനന്തപുരത്തുനിന്നു വരുന്നതുകൊണ്ട് എവിടെയെത്തി എന്നൊരു തീർച്ച കിട്ടിയില്ല. ഒരു ആശുപത്രിയാണെന്നു മനസ്സിലായി. ഒരാൾ ഓടിക്കയറി. ഒഴിഞ്ഞ സീറ്റ് കണ്ട് അയാൾ കൃഷ്ണകുമാറിന്റെ അരികിൽ സ്ഥാനം പിടിച്ചു.

കൃഷ്ണകുമാറിന് അയാളെ അത്ര ബോധിച്ചില്ല. മുഷിഞ്ഞ ഷർട്ടും അലസമായി വച്ച മുടിയും തീരെ ഉറങ്ങാത്ത കണ്ണുകളും എന്തോ ഒരു മണവും. ഒരാഴ്ചയായി കുളിച്ചിട്ട് എന്നു തോന്നുന്നു.

അല്പസമയത്തിനുശേഷം അയാൾ പതിയെ കൃഷ്ണകുമാറിന്റെ തോളിലേക്കു ചായാൻ തുടങ്ങി. പെട്ടെന്ന് ബസ് അടുത്ത ബ്രേക്ക് ഇട്ടപ്പോൾ അയാൾ ചാടിയെഴുന്നേറ്റു.

അയാളോടൊന്നു സംസാരിക്കാം. അപ്പോളെങ്കിലും ഉറങ്ങാതെ ഇരിക്കുമല്ലോ. കൃഷ്ണകുമാർ അയാളോടു ചോദിച്ചു: ''എങ്ങോട്ടു പോകുന്നു.?''

''വീട്ടിലേക്കു പോവുകയാണ്. കുറച്ചു ദിവസങ്ങളായി പോയിട്ട്.''

''എന്താ, ഹോസ്പിറ്റലിൽ ആയിരുന്നോ?''

''അതേ. എന്റെ ഭാര്യ.''

''എന്തു പറ്റി?''

''കാൻസർ.''

''സോറി.''

''സാരമില്ലെടോ. ഇതിപ്പോ സർവസാധാരണമല്ലേ. നാലാം സ്റ്റേജാ. ഇത്രയും പെട്ടെന്ന് ഇങ്ങനെയൊക്കെ സംഭവിക്കുമെന്നു കരുതിയില്ല.''

''കുട്ടികൾ?''

''രണ്ടു പെൺമക്കൾ. പഠിക്കുവാ. അമ്മയ്ക്ക് അസുഖം ഇതാണെന്നു പറഞ്ഞിട്ടില്ല. അനിയന്റെ വീട്ടിലാണ്. ചെന്നിട്ടുവേണം അവരെ കാണാൻ.''

''എന്താ ജോലി?''

''ബാങ്കിൽ. സ്ഥിരമല്ല.''

''ഒത്തിരി ദിവസമായോ ഹോസ്പിറ്റലിൽ?''

''ഉം. കുളിച്ചിട്ട് രണ്ടു ദിവസമായി. വസ്ത്രം ആകെ മുഷിഞ്ഞു. ഒന്നും വിചാരിക്കരുത്.'' കുറച്ചു സമയം അയാൾ നിശ്ശബ്ദനായിരുന്നു. പിന്നെ തുടർന്നു:



''മൂന്നാമത്തെ പെണ്ണുകാണാൻ പോയപ്പോൾ തീരുമാനിച്ചു, ഇതു മതിയെന്ന്. അങ്ങനെ കല്യാണം കഴിച്ചു. ഒരുപാട് സന്തോഷവും കൊച്ചുകൊച്ചു സങ്കടങ്ങളും നിറഞ്ഞ ദിവസങ്ങളായിരുന്നു. മക്കളെ പൊന്നുപോലെ നോക്കും. അച്ഛനും അമ്മയ്ക്കും അവളെ ഒത്തിരി ഇഷ്ടാണ്. ഞാനെന്തു പറഞ്ഞാലും എതിർത്തൊന്നും പറയാറില്ല. അവളുടെ ചെറിയ ചെറിയ ആഗ്രഹങ്ങളൊക്കെ സാധിച്ചുകൊടുക്കും.'' കഴിഞ്ഞുപോയ നല്ല ദിനങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ അയാളുടെ വാക്കുകൾ ഇടറുന്നുണ്ടായിരുന്നു. കണ്ണുകൾ നനയുന്നുണ്ടായിരുന്നു.

മഴ പതിയെ കുറഞ്ഞു. ബസ് അങ്ങനെതന്നെ ഉരുണ്ടുനീങ്ങി. അയാൾ പതിയെ നിദ്രയിലേക്കു വീണു. തല പതിയെ കൃഷ്ണകുമാറിന്റെ ചുമലിലേക്കു ചാരി. അയാൾക്ക് അപ്പോൾ ആ ഭാരം തോന്നിയതേയില്ല. ■

## നീന്തലിൽ സംസ്ഥാനത്തെ ഏറ്റവും വേഗമേറിയ താരമായി

# കാരെൻ ബെന്നി



ഏഴാം ക്ലാസ് വിദ്യാർത്ഥിനി കാരെൻ ബെന്നി. 30, 31 സെക്കൻഡിൽ 50 മീറ്റർ ദൂരം നീന്തിക്കയറിയ സംസ്ഥാനത്തെ ഏറ്റവും വേഗക്കാരി. തൃശൂരിൽ നടന്ന കേരള സ്റ്റേറ്റ് അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ വിഭാഗത്തിൽ 50 മീറ്റർ ഫ്രീ സ്റ്റൈൽ, 100 മീറ്റർ ഫ്രീസ്റ്റൈൽ എന്നീ വേഗമേറിയ വ്യക്തിഗത ഇനങ്ങളിൽ സീനിയേഴ്സിനെ പിന്തള്ളിയാണ് കാരെൻ ബെന്നി ഈ നേട്ടം കരസ്ഥമാക്കിയത്.

200 മീറ്റർ, 400 മീറ്റർ ഫ്രീ സ്റ്റൈൽ വ്യക്തിഗത ഇനങ്ങളിൽ കാരെൻ വെള്ളി മെഡലുകൾ നേടി. കൂടാതെ, എറണാകുളം ജില്ലയെ പ്രതിനിധീകരിച്ചു പങ്കെടുത്ത മൂന്നു റിലേ ഇനങ്ങളിൽ സ്വർണ മെഡലുകളും രണ്ട് റിലേ ഇനങ്ങളിൽ വെള്ളിമെഡലുകളും കാരെൻ കരസ്ഥമാക്കി. പന്ത്രണ്ടു വയസ്സുകാരിയായ കാരെൻ ബെന്നി സീനിയർ വിഭാഗത്തിൽ പങ്കെടുത്തു നേടിയത് അഞ്ചു സ്വർണവും നാലു വെള്ളിമെഡലുകളുമാണ്. ജൂണിയർ അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത കാരെൻ പതിനാലു വയസ്സിൽ താഴെയുള്ള ഗ്രൂപ്പ് രണ്ട് പെൺകുട്ടികളുടെ വിഭാഗത്തിൽ മത്സരിച്ച് 50 മീറ്റർ, 100 മീറ്റർ, 200 മീറ്റർ, 400 മീറ്റർ, 800 മീറ്റർ ഫ്രീസ്റ്റൈൽ ഇനങ്ങളിലും സ്വർണമെഡലുകൾ അണിഞ്ഞു. മത്സരിച്ച അഞ്ച് വ്യക്തിഗത ഇനങ്ങളിലും സ്വർണം നേടിയതോടെ ഗ്രൂപ്പ് രണ്ട് പെൺകുട്ടികളുടെ വിഭാഗത്തിലെ ചാമ്പ്യൻപട്ടം കാരെൻ ബെന്നിയെ തേടിയെത്തി. എറണാകുളം ജില്ലയെ പ്രതിനിധീകരിച്ചു മത്സരിച്ച മൂന്നു റിലേ ഇനങ്ങളിൽ കാരെൻ ഉൾപ്പെട്ട ടീമാണ് സ്വർണം നേടിയത്.

സംസ്ഥാന അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ സീനിയർ, ജൂണിയർ വിഭാഗങ്ങളിലായി 13 സ്വർണമെഡലുകളും നാലു വെള്ളി മെഡലുകളും അടക്കം, മൊത്തം 17 മെഡലുകൾ കാരെൻ ബെന്നി എന്ന കൊച്ചുമിടുക്കി നേടിയെടുത്ത് മെഡൽ വേട്ടക്കാരിലും ഒന്നാം സ്ഥാനത്തെത്തി. അങ്കമാലി വിശ്വജ്യോതി പബ്ലിക് സ്കൂളിൽ ഏഴാംക്ലാസിൽ പഠിക്കുന്ന കാരെൻ ബെന്നി സ്കൂളിലെ സ്വിമ്മിങ് അക്കാദമിയിലെ പരിശീലകൻ കെ. അനിൽ കുമാറിന്റെ ശിഷ്യയാണ്. അങ്കമാലി കവരപ്പറമ്പ് ചക്കിച്ചേരി വീട്ടിൽ സി.യു. ബെന്നിയുടെയും മരിയയുടെയും മകളാണ്. നീന്തൽ താരങ്ങളായിരുന്ന എമിൽ ബെന്നിയും രോഹൻ ബെന്നിയും സഹോദരങ്ങളാണ്. ■

## പ്രണയവീരഗാഥ

ആകാശം ഭൂമിയെ
പ്രണയിക്കുന്നു...
അതിന്റെ സ്നേഹം
മഴയായ് വർഷിക്കുന്നു...
വെയിലിന്റെ കിരണമേറ്റാൽ
ഭൂമി തന്റെ സ്നേഹം
നീരാവിയായി അയയ്ക്കുന്നു...
ആകാശഗോപുരത്തിൽ
കാർമേഘമാകും പുതപ്പിനുള്ളിൽ
ഒളിച്ച സൂര്യോഷ്ണം
ഏറ്റുവാങ്ങും പ്രഭാതവും...
ഇരുട്ടിൽ, നക്ഷത്രത്തിൻനടുവിൽ
നിലാവുതൂകും അമൃതകരനെ
ഏറ്റുവാങ്ങും പാതിരാകൂരിരുട്ടും
സാക്ഷിയായ പ്രണയം,
ഒന്നിക്കാൻ കഴിയാത്ത ആ
പ്രണയവീരഗാഥ അങ്ങനെ...



**അമീൻ നജീബ്**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ



# പെൻസിലും റബറും



**ആൻ മരിയ തോമസ്**
പ്ലസ് വൺ
സെന്റ് മേരീസ് എച്ച്.എസ്.എസ്.
പാലാ

ഏറ്റവും ഇഷ്ടമുള്ള വസ്തുവെന്താണെന്നു ചോദിച്ചാൽ പെൻസിലും റബറുമാണെന്നു പറഞ്ഞിരുന്ന ഒരു ബാലനുണ്ടായിരുന്നു. അവൻ തന്റെ കൗമാരവും യൗവനവും താണ്ടി മധ്യവയസ്കനും ശേഷം പ്രായാധിക്യം ചെന്നവനുമായി ജീവിതത്തിന്റെ പരിപൂർണതയിൽ എത്തിനില്ക്കുമ്പോൾ കാലം തന്നിലുണ്ടാക്കിയ മാറ്റങ്ങളെ അയാളൊന്നൊന്നായി ഓർമിച്ചെടുത്തു. ചാരുകസേരയിൽ, തന്റെ ചിന്തകൾക്കു താളം പിടിക്കുന്നുവെന്ന മട്ടിൽ ആ മനുഷ്യൻ മെല്ലെ ആടിത്തുടങ്ങി. പോയകാലസ്മരണകളിലൂടെയുള്ള യാത്രയിൽ തനിക്കേറ്റവും പ്രിയപ്പെട്ടതു കണ്ടെത്തി. താനിപ്പോൾ ആയിരിക്കുന്നിടത്തുതന്നെയാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. താൻ ഇന്നിരിക്കുന്ന ചാരുകസേരയിൽ ഇതുപോലെ പ്രായം ചെന്ന ഒരു മനുഷ്യന്റെ മടിത്തട്ടിലിരുന്നപ്പോൾ പറഞ്ഞതൊക്കെയും ഓർത്തു.

നിനക്കേറ്റവും പ്രിയപ്പെട്ടത് എന്തെന്ന് ആ മനുഷ്യൻ ചോദിച്ചപ്പോൾ ബാലനായ താൻ തന്റെ കുഞ്ഞുമനസ്സിൽ നിറഞ്ഞുനിന്ന കോലൻ പെൻസിലും നിറമുള്ള റബറുമാണെന്ന് ഉത്തരം കൊടുത്തു. ഇതു കേട്ടു പുഞ്ചിരിച്ച അദ്ദേഹം അവനൊരു കഥ പറഞ്ഞു കൊടുത്തു. അത് ഇപ്രകാരമായിരുന്നു:

തടികൊണ്ടുള്ള ഒരു വട്ടമേശയിൽ കോലൻ പെൻസിൽ സങ്കടപ്പെട്ടിരിക്കുകയായിരുന്നു. ഇതു കണ്ട് റബർ അവന്റെ വിഷമത്തിന്റെ കാരണം ചോദിച്ചറിഞ്ഞു. പെൻസിൽ പറഞ്ഞു: ''നീ എന്നോടു ക്ഷമിക്കണം. ഞാൻ കാരണമാണ് നീ എപ്പോഴും മുറിവേൽക്കുന്നത്. നീ നിന്റെ ഒരു ഭാഗംതന്നെ എനിക്കായി നഷ്ടപ്പെടുത്തുന്നു. നീ എനിക്കുവേണ്ടി ചെറുതായിക്കൊണ്ടേയിരിക്കുന്നു.''

അപ്പോൾ റബർ പറഞ്ഞു: ''ശരിയാണ് പക്ഷേ, എനിക്കതൊരു പ്രശ്നമല്ല. നീ ഇങ്ങോട്ടു നോക്ക്, എന്നെ സൃഷ്ടിച്ചിരിക്കുന്നതുപോലും ഇതിനുവേണ്ടിയാണല്ലോ. നീ എപ്പോൾ തെറ്റു ചെയ്താലും നിന്നെ സഹായിക്കാനാണു ഞാനുള്ളത്. നീ ചെയ്യുന്നത് എപ്പോഴും ശരിയായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ദിവസം ഞാൻ ഇല്ലാതാകുമെന്നെനിക്കറിയാം. പക്ഷേ, അന്ന് നിനക്ക് പുതിയൊരാളെ കൂട്ടിനു കിട്ടും. എന്റെ ഈ ജോലിയിൽ ഞാൻ സന്തോഷവാനാണ്. നീ വിഷമിച്ചിരിക്കുന്നതു കാണുന്നതാണ് എന്നെ സങ്കടപ്പെടുത്തുന്നത്. കാലക്രമേണ എന്റെ ആവശ്യമില്ലാതെ തന്നെ നിന്റെ ജോലി നീ വൃത്തിയായി ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.''

ഈ കഥയിൽ കണ്ട ആ റബർ നമ്മുടെ അച്ഛനമ്മമാരാണ്. പെൻസിൽ നമ്മൾ കുട്ടികളും. അവർ നമ്മളെ തിരുത്തുകയും ശരിയായ കാര്യങ്ങൾ ചെയ്യാൻ പഠിപ്പിക്കുകയും ചെയ്യുന്നു. അവർ പ്രായാധിക്യംകൊണ്ടും മരണംകൊണ്ടും വേദനിക്കുകയും ചെറുതാവുകയും ചെയ്യുന്നു. പക്ഷേ, നമ്മൾ ദുഃഖിക്കാതിരിക്കാൻ, നമ്മൾ സന്തോഷത്തോടെയിരിക്കാൻ ജീവിതത്തിന്റെ ഓരോ ഭാഗവും ശ്രദ്ധാപൂർവം നീക്കിവയ്ക്കുന്നു.

ചിന്തയിൽനിന്നുണർന്നു നോക്കിയപ്പോൾ എതിരേയുള്ള ഭിത്തിയിൽ സ്ഥാനം പിടിച്ചിരിക്കുന്ന ഒരു സ്വർണഫ്രെയിം അദ്ദേഹം ശ്രദ്ധിച്ചു. ആ ഫ്രെയിമിന്റെ ചില്ലിൽ തന്റെ മുഖവും പ്രതിഫലിക്കുന്നത് അദ്ദേഹം കണ്ടു. ■

## എന്റെ വര




**ബ്രദർ ജിബിൻ കന്നുതൊട്ടിയിൽ**
ഫിലോസഫി (Completed)
സെന്റ് ജോസഫ് സെമിനാരി
മംഗലപ്പുഴ, ആലുവ





# ഒ.വി. വിജയന്റെ ആദ്യകവിതകൾ പുറത്ത്



ഒ.വി. വിജയൻ കോളജ് വിദ്യാഭ്യാസകാലത്തിന്റെ ആദ്യനാളുകളിൽ എഴുതിയ രണ്ട് ഇംഗ്ലീഷ് കവിതകൾ 75 വർഷങ്ങൾക്കുശേഷം ലഭ്യമായി.

പാലക്കാട് ഗവ. വിക്ടോറിയ കോളജിൽ ക്ലാസ് – 1, ക്ലാസ് – 2 (പ്രീഡിഗ്രി) പഠിക്കുന്ന കാലത്ത് എഴുതിയതാണിവ. 1947, 1948 വർഷങ്ങളിൽ പുറത്തിറങ്ങിയ മാഗസിനുകളിലാണ് ഇവ പ്രസിദ്ധീകരിച്ചത്. ഇതുവരെ വിജയന്റെ ആദ്യകൃതിയായി അറിയപ്പെട്ടിരുന്നത് 1952 ലെ കോളജ് മാഗസിനിൽ പ്രസിദ്ധീകരിച്ച 'പ്ലംകേക്ക്' എന്ന ചെറുകഥയായിരുന്നു.

'സാം ഓഫ് ജാം' എന്ന പേരിൽ എഴുതിയതാണ് 36 വരികളുള്ള ആദ്യ കവിത. 'ഓൾഡ് കാബിനറ്റ് മിഷൻ' എന്ന രണ്ടാമത്തെ കവിത 30 വരികളിലാണ്.

ഇതിഹാസമെഴുതി വർഷങ്ങൾ പിന്നിട്ട്, 1992 ൽ മുട്ടത്തുവർക്കി പുരസ്കാരം സ്വീകരിച്ച് എസ്ബി കോളജ് അങ്കണത്തിൽ വിജയൻ നടത്തിയ പ്രസംഗം അവസാനിക്കുന്നത് ഇങ്ങനെയായിരുന്നു: 'ഖസാക്കിന്റെ ഇതിഹാസം' കൗമാരവും യുവത്വവുമാണ്. വൃദ്ധനായ എനിക്ക് ഇന്ന് അതൊന്നും മനസ്സിലായെന്നുവരില്ല. അതിന്റെ പുതിയ പതിപ്പുകൾ വായിക്കുന്ന കുട്ടികൾ എന്നെ പഠിപ്പിക്കട്ടെ. എന്റെ സാഹിത്യത്തിലെ മാന്ത്രിക സഞ്ചിയും പീലിക്കെട്ടും ഞാൻ നിങ്ങളുടെ മുന്നിൽ വയ്ക്കുന്നു. അവയെ അനുഗ്രഹിക്കുക.

ഒ.വി. വിജയൻ വിടപറഞ്ഞിട്ട് 17 വർഷം തികയുമ്പോൾ ഈ കവിതകളും വിജയനെ പഠിക്കുന്ന വിദ്യാർത്ഥികൾക്കു മുന്നിൽ എത്തുന്നു.

വായന

# സഹറാവീയം




**വിദ്യ വിജയകുമാർ**
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല
തിരൂർ


ആഫ്രിക്കയിലെ മുസ്‌ലിം തീവ്രവാദത്തിന്റെ പശ്ചാത്തലത്തിലെഴുതിയ പൊനോൻ ഗോംബെ എന്ന നോവലിനു ശേഷം ജൂനൈദ് അബൂബക്കർ എഴുതിയ നോവലാണ് സഹറാവീയം. അഭയാർഥികളുടെ ജീവിതത്തിന്റെ നേർക്കാഴ്ചയാണീ നോവൽ. ഒരു രാജ്യത്തെ ജനങ്ങളെ മുഴുവൻ അഭയാർത്ഥികളാക്കുന്ന, രാജ്യത്തിന്റെ അതിരുകളിൽനിന്നുമാത്രമല്ല സമൂഹമനസ്സാക്ഷിയുടെ അതിരുകളിൽനിന്നുകൂടി അവരെ ആട്ടിപ്പായിക്കുന്ന അധികാരരാഷ്ട്രീയത്തിന്റെ പൊള്ളത്തരമാണ് നോവൽ പറഞ്ഞുപോകുന്നത്. ജനവിരുദ്ധഭരണകൂടങ്ങളുടെ അഭയാർത്ഥികളോടുള്ള മനോഭാവം തുറന്നുകാണിക്കുന്ന, ഇങ്ങനെയൊരു സമൂഹം ലോകത്തിലുണ്ടെന്നത് പുറംലോകത്തുനിന്നു മറച്ചുവയ്ക്കുകയാണെന്ന് ലോകത്തോടു വിളിച്ചു പറയുന്ന നോവൽ. ഒരു ജനസമൂഹത്തിനു മുന്നിൽ കെട്ടിപ്പൊക്കിയ യഥാർത്ഥ മതിലുകളുടെ രാഷ്ട്രീയം പറയുന്ന മലയാളഭൂമികയില്ലാത്ത, മലയാളിയുടെ കഥ പറയാത്ത ഒരു മലയാളനോവൽ.

ജെസീക്ക ഒമറെന്ന മാധ്യമപ്രവർത്തകയിലൂടെയാണ് നോവൽ വികസിക്കുന്നത്. ലണ്ടനിലെ ഒരു പ്രാദേശികചാനലിലെ, മാധ്യമപ്രവർത്തനത്തിൽ പരിചയമോ ബിരുദമോ ഇല്ലാത്ത ജീവനക്കാരിയാണ് ജെസീക്ക. ജീവിതസാഹചര്യംകൊണ്ട് മാധ്യമപ്രവർത്തികയായിത്തീർന്ന ജെസീക്ക ഒരു ദിവസം ചാനലിൽ വെച്ച് മൊറോക്കൻ രാജ്യം, 2700 കിലോമീറ്ററിലധികം നീളമുള്ള, ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മതിലായ ബേം എന്ന മതിലുകെട്ടി മരുഭൂമിയിലേക്ക് പുറന്തള്ളിയ പടിഞ്ഞാറൻ സഹാറയുടെ യഥാർത്ഥ അവകാശികളായ സഹറാവികളുടെ പ്രതിനിധിയായ ആബിദിനെ കണ്ടുമുട്ടുന്നതും അയാളുടെ കൈവശമുണ്ടായിരുന്ന സഹറാവികളെക്കുറിച്ചുള്ള ഫാക്ട്സ് എന്ന ഹ്രസ്വചിത്രം കാണുന്നതോടുംകൂടിയാണ് ജെസീക്ക ഒമറിലൂടെ സംഭവബഹുലമായ നോവൽ ആരംഭിക്കുന്നത്.

അഫ്ഗാനിസ്ഥാനിലെ കലാപഭൂമിയിൽനിന്ന് ഒമ്പതാമത്തെ വയസ്സിൽ ഓടിരക്ഷപ്പെടേണ്ടിവന്ന അർമേനിയൻ വംശിജയാണ് ജെസീക്ക. പല രാജ്യങ്ങളിലായി പല പേരുകളിൽ അവൾ അഭയാർത്ഥിയായി കഴിഞ്ഞു. സഹറാവികളുടെ അടുത്തെത്താൻ അൾജീരിയയിലൂടെ എളുപ്പവഴിയുണ്ടായിരുന്നിട്ടും മൊറോക്കയിലൂടെത്തന്നെ അവിടെയെത്താനുള്ള ജെസീക്കയുടെ സാഹസികയാത്ര നമ്മെ അദ്ഭുതപ്പെടുത്തും. പലയിടങ്ങളിൽവച്ച് പലരാൽ അവൾ ആക്രമിക്കപ്പെടുന്നു. പ്രത്യേകിച്ച് രഹസ്യപ്പോലീസിന്റെ വേട്ടയാടൽ. ഒടുവിൽ അവരുടെ ഇരുണ്ട ജയിലറയ്ക്കുള്ളിൽനിന്ന് അതിസാഹസികമായ രക്ഷപ്പെടലും തുടർന്ന് മൊറോക്കൻ അധികാരികളുടെ കൈയിൽപ്പെടാതെ 'ബേം' മതിൽ മുറിച്ചുകടക്കാൻ കടലിലും മരുഭൂമിയിലുംകൂടി നടത്തുന്ന ഉദ്വേഗജനകമായ യാത്രകളും നെഞ്ചിടിപ്പോടെ മാത്രമേ വായിക്കാനാവൂ. ജെസീക്ക ശത്രുക്കളുടെ കൈകളിൽ അകപ്പെടരുതേ എന്ന് വായനക്കാർപോലും ചിലപ്പോൾ പ്രാർത്ഥിച്ചുപോവും.

അയൽരാജ്യമായ അൾജീരിയ നൽക്കുന്ന ചെറിയ സഹായത്തോടെ ജീവിതം നിലനിർത്തിപ്പോരുന്ന തിൻതൗഫിലെ സഹറാവി ക്യാമ്പുകളിൽ ജെസീക്ക എത്തുമ്പോൾ വായനയുടെ ലോകം മാറുന്നു. നാളെ സ്വന്തം രാജ്യം തിരിച്ചുപിടിക്കാനാവുമെന്ന സ്വപ്നത്തിലാണ് ഓരോ സഹറാവിയും ജീവിക്കുന്നത്. സഹറാവീയം അഭയാർത്ഥിവേദനകളുടെ ഏറ്റവും ഇരുണ്ട ലോകം നമുക്കു കാണിച്ചുതരുന്നു. പുറംലോകത്തു ചർച്ചയാവാത്ത, അല്ലെങ്കിൽ പുറംലോകം കാണാനാഗ്രഹിക്കാത്ത ഒരു ദൈന്യലോകമാണിത്. വിശപ്പും ചവിട്ടിനിൽക്കാൻ മണ്ണില്ലാത്തവന്റെ ആകുലതകളും അന്താരാഷ്ട്രസമൂഹത്തിന്റെ കഴിവുകെട്ട നീതിയും ആഫ്രിക്കൻ, യൂറോപ്യൻ കൂട്ടായ്മകളുടെ പൊള്ളത്തരവും നോവലിൽ ഉറക്കെപ്പറയുന്നുണ്ട്. അഭയാർത്ഥിയാകാൻ വിധിക്കപ്പെട്ടവന്റെ മാനസികസംഘർഷങ്ങളെന്തെന്നു മനസ്സിലാക്കാനും നിസ്സഹായനായ അവന്റെ ചിന്തകളിലൂടെ സഞ്ചരിക്കാനും വായനക്കാർക്ക് അവസരമുണ്ടാകുന്നു.

സഞ്ചരിക്കുന്ന വഴികൾ, പ്രദേശം, രാജ്യം അവിടുത്തെ സംസ്കാരം, ഭാഷ, ഭക്ഷണ-വസ്ത്രധാരണരീതികൾ ആചാര-അനാചാരങ്ങൾ, കാഴ്ചപ്പാടുകൾ വിനിമയങ്ങൾ എല്ലാംതന്നെ കൃത്യമായി മനസ്സിലാക്കി വിവരിച്ചിട്ടുണ്ട് എന്നതാണ് ഈ നോവലിന്റെ പ്രത്യേകത. മൊറോക്കയുടെ സാമ്പത്തികതലസ്ഥാനമായ കാസാബ്ലാങ്കയും സാംസ്കാരികനഗരമായ മാറക്കേഷും അതിൽ എടുത്തു പറയാം. ഇതുവരെ നാം മനസ്സിലാക്കാതിരുന്ന, അറിയപ്പെടാത്ത ലോകമായിക്കഴിഞ്ഞിരുന്ന മൊറോക്കോയെയും സഹറാവികളെയും അടുത്തറിയാൻ സഹായിക്കുന്ന നല്ലൊരു നോവലാണ് സഹറാവീയം. ■

Digital art






**ഫിലിപ് എസ്. വാളൂക്കാരൻ**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ


കഥ

# അന്നാമ്മച്ചി കണ്ട നക്ഷത്രം



തോക്കേന്തി നിൽക്കുന്ന രണ്ടു പട്ടാളക്കാർ. ഗർജിച്ചുകൊണ്ട് നിലകൊള്ളുന്ന രണ്ടു സിംഹങ്ങൾ. ഈ ഭിത്തിയിൽ കൊത്തിവച്ച രൂപങ്ങൾ വല്ലാത്തൊരു സംരക്ഷണകവചത്തിന്റെ ബോധമുണർത്തുന്നു. പള്ളിയുടെ കവാടത്തിലെ ഈ ശില്പങ്ങൾക്ക് എന്തൊക്കെയോ ഐതിഹ്യങ്ങളുണ്ടെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ടിപ്പുവിന്റെ പടയോട്ടത്തിൽനിന്നു രക്ഷപ്പെടാൻ ദേവാലയത്തിൽ കയറി കതകടച്ച വിശ്വാസികൾക്കുവേണ്ടി കാവൽക്കാരെപ്പോലെ നിറുത്തിയ മാതാവിന്റെ ചരിത്രം, പറഞ്ഞും പറയപ്പെടാതെയും ആ ഭിത്തികളിൽ തങ്ങിനില്ക്കുന്നു.

അന്നാമ്മച്ചി പള്ളിനടകൾ കയറാൻ നന്നേ കഷ്ടപ്പെട്ടു. വാതത്തിന്റെ ഓർമപ്പെടുത്തൽ ഇത്തവണ കുറച്ചു കഠിനമാണ്. ശാരദയുടെ വീട്ടിൽ പണിക്കു നിൽക്കുമ്പോഴാണ് ഈ അതിഥിയുടെ വരവ്. ഇപ്പോൾ കുടിതാമസമാക്കിക്കഴിഞ്ഞു. ഔസേപ്പു മുതലാളിയുടെ മാർബിൾ തറ തുടച്ചു വൃത്തിയാക്കുമ്പോഴേക്കും എഴുന്നേൽക്കാൻ വയ്യാത്തവിധം തളർന്നിരിക്കും. എന്റെ മാതാവേ, ഞാനെത്രകാലമായി പറയുന്നു ഇതൊന്നു മാറ്റിത്തരാൻ, ഹാ... എല്ലാം നിന്റെ മോനറിയാല്ലോ...

പള്ളിമുറ്റത്തൂടെ ഓടിനടക്കുന്ന ഒരു കൊച്ചു കുഞ്ഞിനെക്കണ്ടപ്പോൾ അന്നാമ്മച്ചിയുടെ കണ്ണുകളിൽ അറിയാതെ അശ്രുക്കൾ പടർന്നു. റോസിക്കുട്ടീ... പണ്ടീ പള്ളിമുറ്റത്ത് ടോമിച്ചന്റെകൂടെ അവളെയാക്കി നിറുത്താൻ കഷ്ടപ്പെട്ട ദിവസങ്ങൾ. മഹാകുസൃതിയായിരുന്നു. അവളെ കണ്ടിട്ട് എത്ര കാലമായി? ഇല്ല, അവളെയിനി കാണുമെന്ന പ്രതീക്ഷയില്ല. പുതുക്രിസ്ത്യാനികളാ എന്ന പേരിൽ എത്ര കാലമായിങ്ങനെ സ്വന്തം മകളെ കാണാതിരിക്കുക. അവൾക്കും കാണണമെന്നില്ലായിരിക്കും അല്ലെങ്കിൽ ഭർത്താവിന്റെ വീട്ടുകാരുടെ ഇഷ്ടത്തിനു ജീവിക്കാൻ ഇക്കാലത്തൊക്കെ ആരിരുന്നിട്ടാ. വല്യ ക്രിസ്ത്യാനികളെയൊക്കെ കിട്ടിയപ്പോ സ്വന്തം വീട്ടുകാര് കുറച്ചിലായി തോന്നിക്കാണും കല്യാണം നടന്നതെങ്ങനാന്ന് നമുക്കല്ലേ അറിയൂ.

ചിന്തകൾ കാടുകയറിപ്പോകുന്നു. ഓരോന്നോർത്താൽ ഇങ്ങനെ സങ്കടം വരും. ഓർമകളുടെ സുഖമുള്ള പൂക്കളൊക്കെ വാടിക്കൊഴിഞ്ഞു തുടങ്ങിയിരിക്കുന്നു.

അന്നാമ്മച്ചി സെമിത്തേരിയിൽ ടോമിച്ചനെ അടക്കം ചെയ്ത സ്ഥലത്തു വന്നുനിന്ന് എന്തൊക്കെയോ അടക്കം പറഞ്ഞു. ടോമിച്ചനെ അടക്കിയിടത്തൊക്കെ പുതിയ കല്ലറ വന്നിരിക്കുന്നു.

അന്നാമ്മച്ചി കുർബാനയും കഴിഞ്ഞ് വികാരിയച്ചന്റെയടുത്തെത്തി. ഈ വിഷമങ്ങളൊക്കെ ആർക്കാ അറിയാത്തത്. അച്ചനു നന്നായിട്ടറിയാം. വന്ന കാര്യം നേരേ ബോധിപ്പിച്ചേക്കാം.

"അച്ചോ... വീടു മുഴുവൻ ചോർച്ചയാ. ഓടു മാറിത്തരുവാർന്നേല്. അച്ചന് എന്തെങ്കിലും."




**ആൽബിൻ ജിജോ**
ബി.എസ്.സി. മാത്സ്
സെന്റ് തോമസ് കോളജ്
പാലാ


അതൊക്കെ യൂത്തിനെ പറഞ്ഞേൽപ്പിച്ചേക്കാമെന്ന് അച്ചനുറപ്പു തന്നു. ഹാ... ഒരു ദിവസമെങ്കിലും ഒരു മഴയത്ത് നനയാതെ കിടക്കണം. ഒറ്റയ്ക്കു താമസിക്കുന്നതിന്റെ ബുദ്ധിമുട്ടൊന്നുമിപ്പോഴില്ല. ഒരിക്കൽ രാത്രിയിലൊറ്റയ്ക്ക് ആകാശത്തു നോക്കുമ്പോൾ ഒറ്റയ്ക്കു മിന്നുന്ന ഒരു നക്ഷത്രം കാണാം. ആ താരകത്തെയും നോക്കി അന്നാമ്മച്ചി ആ രാത്രി മുഴുവനിരുന്നു. ഇടിയും മഴയും അന്നാമ്മച്ചിക്ക് വല്ലാത്ത ഭയമായിരുന്നു. പള്ളിനടകളിറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ ഒരുപാടു പ്രതീക്ഷകളുണ്ടായിരുന്നു. റോസിക്കുട്ടിയെ വീണ്ടും കാണുമെന്ന്. പിന്നീട് പല രാത്രികളിലും നോക്കിയിരുന്നിട്ടും കാണാതെപോയ ആ ഒറ്റ നക്ഷത്രത്തെ ഇന്നും വീണ്ടും കാണാനാകുമെന്ന്.

കരിയിലകൾ നിരന്ന കുഞ്ഞുവഴിയിലൂടെ അന്നാമ്മച്ചി തന്റെ വീട് ലക്ഷ്യമാക്കി നടന്നു. പൊട്ടിച്ചിതറിയ റബ്ബർക്കായ്കളും ഉണങ്ങിയ മരക്കൊമ്പും ലഹരി പിടിച്ച കാറ്റിൽ നിലംപതിക്കുന്ന ശബ്ദം അലോസരപ്പെടുത്തി. ഒരു കറുത്ത പൂച്ച മോങ്ങിക്കൊണ്ടു വരുന്നതു കണ്ടു. അടുത്ത വീട്ടിലെ ഉണക്കമീനിന്റെ മണം പിടിച്ചുപോയതാണ്.

അന്നാമ്മച്ചി വീടിനടുത്തെത്തിയപ്പോൾ അവിടെ ചെറിയൊരാൾക്കൂട്ടം. എന്താണു സംഭവം? ഏതോ ചില ഉദ്യോഗസ്ഥരൊക്കെ നിൽപ്പുണ്ട്. അന്നാമ്മച്ചി ധൃതിയിൽ നടന്നു. വീടിനു സമീപം ഒരു കല്ലുവച്ചിരിക്കുന്നതു കണ്ടു. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. 'കെ റെയിൽ.'

കറുത്ത പൂച്ച വീണ്ടും മോങ്ങിക്കൊണ്ട് ആ വഴി പോയി. മത്തുപിടിച്ച കാറ്റ് ഒരു കിളിക്കൂട് ഇളക്കി നിലത്തെത്തിച്ചു. ആ കൂടിനൊപ്പം പൊട്ടിച്ചിതറിയ മുട്ടകളെ നോക്കി കരിയിലകൾ ഊറിച്ചിരിച്ചു. ■